# എം കെ എസ് എച്ച് എസ് കുട്ടമത്ത്...




MAHAKAVI KUTTAMATH SMARAKA HIGH SCHOOL
M.K.S.H.S. KUTTAMATH
THIMIRI, CHERUVATHUR
KASARAGOD DIST

കുട്ടമത്ത് കുന്നിയൂർ പരമ്പരയിൽപ്പെട്ട സി.നാരായണക്കുറുപ്പ് പഴയ പഞ്ചവടി എന്ന സ്ഥലത്ത് 1976 ൽ മഹാകവി കുട്ടമത്ത് സ്മാരക ഹൈസ്കൂൾ സ്ഥാപിച്ചു. തിമിരി പോലുള്ള ഒരു കുഗ്രാമത്തിൽ ഒരു ഹൈസ്കൂൾ എന്നത് ശ്രീ നാരായണക്കുറുപ്പിന് സാധ്യമായതു ഒരു പക്ഷേ ക്ഷേത്രങ്ങളേക്കാൾ നാടിന്നാവശ്യം സരസ്വതീ ക്ഷേത്രങ്ങളാണ് എന്ന് തിരിച്ചറിഞ്ഞ പൂർവ്വസൂരികളുടെ അനുഗ്രഹാശിസുകൾ കൊണ്ടാകാം.

1976 ൽ ശ്രീ സി നാരായണക്കുറുപ്പ് സ്ഥാപിച്ച ഈ വിദ്യാലയം 1979 ലെ ഒന്നാമത്തെ ബാച്ച് മുതൽ sslc വിജയശതമാനത്തിൽ ഉയർന്ന നിലവാരം പുലർത്തുന്നു. 2007 വരെയുള്ള കാലയളവുകളിൽ ഒരു വിദ്യാർത്ഥിയുടെ പരാജയം കൊണ്ടുമാത്രം നൂറുമേനി വഴുതിപ്പോയിട്ടുണ്ട്. 2008മുതൽ ഇതുവരെ തുടർച്ചയായി നൂറു ശതമാനം നിലനിർത്തിപ്പോന്നു.

കഴിഞ്ഞ വർഷം കേരള സ്കൂൾ ശാസ്ത്രോൽസവത്തിൽ സയൻസ് വിഭാഗത്തിൽ സംസ്ഥാനത്തിൽ നന്ദു കൃഷ്ണൻ എ ഗ്രഡും ഗണിത ശാസ്ത്രവിഭാഗത്തിൽ കീർത്തന എ ഗ്രഡും നേടി.
കേരള സ്കൂൾ കലോത്സവത്തിൽ നന്ദു കൃഷ്ണൻ പ്രസംഗ മത്സരത്തിൽ എ ഗ്രഡ് നേടി സ്കൂളിന്റെ പ്രശസ്തി ഉയർത്തി.

**റവന്യൂജില്ല**
കാസർഗോഡ്

**വിദ്യാഭ്യാസ ജില്ല**
കാഞ്ഞങ്ങാട്

**ഉപജില്ല**
ചെറുവത്തൂർ

**പ്രധാനാധ്യാപകൻ**
അർജ്ജുനൻ കെ

**പി ടി എ അദ്ധ്യക്ഷൻ**
നാരായണൻ കെ

**എം പി ടി എ അദ്ധ്യക്ഷ**
സുനിത കെ

അറബിക് സംസകൃത ഭാഷാ പഠന സൗകര്യം അടുത്ത കാലത്ത് വരെ സമീപ വിദ്യാലങ്ങളിൽ ഇല്ലാതിരുന്ന അവസരത്തിൽ കുട്ടികൾക്ക് ഏക ആശ്രയം തിമിരിയായിരുന്നു. അറബിക് സംസകൃത സ്കോളർഷിപ്പുകൾ കുട്ടികൾക്ക് നേടിക്കൊടുക്കുന്നതിന് സാധിച്ചിട്ടുണ്ട്.

NMMS പരീക്ഷയിൽ കഴിഞ്ഞ മൂന്നു വർഷങ്ങളിലായി മികച്ച പ്രകടനം കാഴ്ച്ചവയ്ക്കാൻ സാധിച്ചു.കൂടാതെ പാഠ്യേതര



പ്രവർത്തനത്തിൽ മുന്നേറ്റം നടത്താനും കഴിഞ്ഞിട്ടുണ്ട്.

മികച്ച സ്കൗട്ട് ഗൈഡ് ജെ ആർ സി ലിറ്റിൽ കൈറ്റ് യൂണിറ്റുകൾ വിദ്യാലയത്തിൽ പ്രവർത്തിച്ചു വരുന്നു.

ഈ വർഷം 16 പേർ രാജ്യപുരസ്കാർ നേടി.

<u>മാനേജ്മെന്റ്</u>

സ്ഥാപിത മാനേജർ ശ്രീ നാരായണക്കുറുപ്പ് മികച്ച പൊതുപ്രവർത്തകനായിരുന്നു. ജനങ്ങളുടെ പിന്തുണയും പ്രോത്സാഹനവും തിമിരി പോലുള്ള ഗ്രാമ പ്രദേശത്ത് ഇത്തരത്തിൽ ഒരു വിദ്യാലയം കെട്ടിപ്പടുക്കുന്നതിൽ അദ്ദേഹത്തെ സഹായിച്ചു. തുടക്കത്തിൽ 3 ഡിവിഷനുകളും പിന്നീട് പന്ത്രണ്ടോളം ഡിവിഷനുകളായിട്ടും ഉയർന്ന



നാരായണക്കുറുപ്പിനു ശേഷം അദ്ദേഹത്തിന്റെ മകൻ ശ്രീ പ്രകാശ് നാരായണൻ ആണ് നിലവിലെ മാനേജർ. ഭൗതീക നിലവാരം മെച്ചപ്പെടുത്തുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നു.

<u>പാഠ്യേതര പ്രവർത്തനങ്ങൾ</u>

സ്കൂൾ കായികമേള കലോത്സവം ശാസ്ത്രമേള തുടങ്ങിയവയിൽ മിന്നുന്ന പ്രകടനം കാഴ്ച്ചവയ്ക്കാൻ കുട്ടികൾക്ക് കഴിയുന്നുണ്ട്.ഈ കഴിഞ്ഞ സബ്ജില്ലാ ജില്ലാ സംസ്ഥാന തല ശാസ്ത്രമേളകളിൽ. ശാസ്ത്രം ഗണിതശാസ്ത്ര വിഷയങ്ങളിൽ എ ഗ്രേഡോടെ വിജയിക്കാൻ നന്ദു കൃഷ്ണൻ, കീർത്തന ,നന്ദിത എന്നിവർക്ക് സാധിച്ചിട്ടുണ്ട്.

<u>പി ടി എ ,എം പി ടി എ</u>

ശക്തമായ പി ടി എ മദർ പി ടി എ സംവിധാനം പ്രവർത്തിച്ചുവരുന്നു. ഒരോ കാലഘട്ടത്തിലും വിദ്യാലയത്തിന്റെ കാര്യക്ഷമത ഉറപ്പ് വരുത്തുന്നതിൽ നിസ്തുലമായ പങ്ക് വഹിച്ചുപോരുന്നു.പഠനപാഠ്യേതര പ്രവർത്തനങ്ങളിൽ അധ്യാപകരോടൊപ്പം പ്രവർത്തിക്കുന്നതിനു കഴിയുന്നുമുണ്ട്.